ലഭിക്കുന്ന മുറയ്ക്ക് ധനലഭ്യതയ്ക്ക് വിധേയമായി ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിക്കും. എൽ. ഐ. സി. യുടെയും നബാർഡിന്റെയും സഹായത്തോടെയുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം (ബി) യായും (സി) ആയും കൊടുത്തിട്ടുണ്ട്.*

ആലപ്പുഴ, ഇടുക്കി ജില്ലകൾക്കുവേണ്ടി, 'നെതർലാന്റ്' സർക്കാർ സഹായം പ്രതീക്ഷിക്കുന്ന ഒരു പദ്ധതിയും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും ജനകീയ പങ്കാളിത്തത്തോടുകൂടിയും നടപ്പിലാക്കുന്ന 'സ്വജൽധാര' പദ്ധതികളും ജില്ലകളിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ജല ദൗർലഭ്യം അനുഭവപ്പെടുന്ന പിന്നോക്ക ജില്ലകൾ ഉൾപ്പെടെ 14 ജില്ലകളേയും കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാൻ ബോധവൽക്കരണം

6 (*185) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എ. കെ. ബാലൻ :
ഡോ. തോമസ് ഐസക് :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക ജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ബോധവൽക്കരണം നടത്തുന്നതു ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്ക്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും പദ്ധതി നടത്തിപ്പും സംബന്ധിച്ച് വിശദവിവരം നൽകുമോ ;

(സി) സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ ലംഘിക്കപ്പെടുന്ന സ്ഥിതിവിശേഷത്തിൽ പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുമോ ;

(ഡി) ഈ വർഷം ബഡ്ജറ്റിൽ പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് ; മുൻവർഷം വകയിരുത്തിയ തുക ലാപ്സായിപ്പോയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ,

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. പട്ടികജാതിക്കാരുടെ പൗരാവകാശം സംരക്ഷിക്കുന്നതിനെക്കുറിച്ചും പൗരാവകാശ സംരക്ഷണം നടപ്പാക്കേണ്ടതു സംബന്ധിച്ചും ഗ്രാമ/ബ്ലോക്ക്/ജില്ലാ/പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

2. പട്ടികജാതിക്കാർക്കെതിരെ തൊട്ടുകൂടായ്മ പുലർത്തുന്നതിന് എതിരെയുള്ള ഡോക്യുമെന്ററികൾ നിർമ്മിക്കുക.

3. മിശ്ര വിവാഹിതരായ ദമ്പതികൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം നൽകുക.

4. ക്ഷേത്രപ്രവേശന വിളംബരാഘോഷങ്ങൾ സംഘടിപ്പിക്കുക.

5. പട്ടികജാതിക്കാരായ സാഹിത്യകാരന്മാരുടെ തെരഞ്ഞെടുക്കപ്പെട്ട സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കുന്നതിനു ധനസഹായം അനുവദിക്കുക.

6. പട്ടികജാതിയിലേയും ഇതര വിഭാഗങ്ങളിലേയും സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സാഹിത്യ ശിൽപ്പശാല നടത്തുക.

7. സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തിന്റെ ഭാഗമായി പ്രദർശന വിപണനമേളയും ജാഥകളും സംഘടിപ്പിക്കുക.

(സി) പദ്ധതി പ്രവർത്തനങ്ങൾ മുമ്പത്തേക്കാളും വിപുലമായും ഊർജ്ജിതമായും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്ക് 235 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷം ഈയിനത്തിൽ വകയിരുത്തിയ തുക ലാപ്സായിട്ടില്ല. 2002-03 വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ വകയിരുത്തിയിരുന്ന 115 ലക്ഷം രൂപയിൽ 77 ലക്ഷം രൂപ ചെലവഴിക്കുകയും മിച്ചം വന്ന തുക ഇതര പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വന്ന അധിക ആവശ്യം നിറവേറ്റുന്നതിനായി പുനഃക്രമീകരണം വഴി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ടൂറിസം വികസനത്തിന്റെ ഭാഗമായി മോഡൽ റോഡുകളുണ്ടാക്കാൻ നടപടി

7 (*186) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി മോഡൽ റോഡുകളുണ്ടാക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly